LIBRARY ARCHIVES Kerala Legislative Assembly

എരുമപ്പെട്ടി പി. എച്ച്. സി.-യെ സി. എച്ച്. സി. ആക്കാൻ നടപടി

107 [3159] ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എരുമപ്പെട്ടി പ്രാഥമിക ആരോഗ്യകേന്ദ്രം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ പി. എച്ച്. സി.-യുടെ വികസനത്തിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നത് പരിശോധിക്കുന്നതാണ്.

(ബി) നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

കൊപ്പം, വിളയൂർ, ഓങ്ങല്ലൂർ, കുഴക്കല്ലൂർ പി. എച്ച്. സി.-കളിൽ ഐ. പി. വാർഡ് തുടങ്ങാൻ നടപടി

108 [3160] ശ്രീ. സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽപ്പെട്ട കൊപ്പം പി.എച്ച്.സി, വിളയൂർ പി.എച്ച്.സി, ഓങ്ങല്ലൂർ പി. എച്ച്. സി., വല്ലപ്പുഴ ഹോസ്പിറ്റൽ, കുഴക്കല്ലൂർ പി. എച്ച്. സി. എന്നിവിടങ്ങളിൽ ഐ. പി. വാർഡുകൾക്ക് തുക നീക്കി വയ്ക്കാത്തതിന് കാരണം വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ പി. എച്ച്. സി.-കളുടെ ഐ. പി. വാർഡുകൾക്ക് തുക നീക്കിവയ്ക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൊപ്പം പി.എച്ച്.സി.-യിൽ ഐ. പി. സർവ്വീസ് നടത്തുന്നുണ്ട്. ഈ പി. എച്ച്. സി.-ക്ക് പട്ടാമ്പി ബ്ലോക്ക് പഞ്ചായത്ത് മെയിന്റൻസ് ഗ്രാൻഡ് ഇനത്തിൽ ഏഴുലക്ഷം രൂപ ഈ വർഷം നൽകിയിട്ടുണ്ട്. വിളയൂർ പി.എച്ച്.സി.-യിൽ കിടത്തി ചികിൽസ അനുവദിച്ചിട്ടില്ല. ഇവിടെ ഗ്രാമ പഞ്ചായത്ത് മെയിന്റൻസ് ഗ്രാൻഡ് ഇനത്തിൽ ഈ വർഷം 15,000 രൂപ ചെലവഴിച്ചിട്ടുണ്ട്. ഓങ്ങല്ലൂർ പി.എച്ച്. സി.-യിൽ അധിക തസ്തികകളും കിടക്കകളും സൃഷ്ടിക്കുന്നതിലുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. പത്ത് കിടക്കകൾ വീതം അനുവദിച്ചിട്ടുള്ള പി. എച്ച്. സി. വല്ലപ്പുഴ, പി. എച്ച്. സി. കുഴക്കല്ലൂർ എന്നിവിടങ്ങളിൽ ഐ. പി. പ്രവർത്തിക്കുന്നതിനുവേണ്ട സ്റ്റാഫ് ഇല്ല.